# വിസ്മയം



ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ്

**എസ്സ് എച്ച് ഗേൾസ് എച്ച് എസ്സ് രാമപുരം**



Very Rev. Fr BERCHMANS KUNNUMPURAM

OUR MANAGER



SR. MERCY MICHAEL CMC

**OUR HEADMISTRESS**

# ആശംസ

അക്കാദമിക രംഗത്തെ മികവിനൊപ്പം വിവരസാങ്കേതിക രംഗത്തും വിദ്യാർത്ഥികളെ മുൻപന്തിയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ലിറ്റിൽ കൈറ്റ് ഐടി ക്ലബ്ബ് കുട്ടികളുടെ സമഗ്ര വളർച്ചയിൽ വലിയ പങ്ക് വഹിക്കുന്നു. ഐടി രംഗത്ത് അടിസ്ഥാനപരമായ നൈപുണികൾക്കൊപ്പം അവരുടെ സർഗാത്മകമായ വാസനകളെയും പ്രചോദിപ്പിക്കുവാൻ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്കഴിയുന്നുണ്ട്.ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയിരിക്കുന്ന ' വിസ്മയം 'എന്ന ഡിജിറ്റൽ മാസികക്ക് എല്ലാ ആശംസകളും നേരുന്നു. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

സി.മേഴ്സി മൈക്കിൾ
ഹെഡ്മിസ്ട്രസ്

## എഡിറ്റോറിയൽ



അറിവിന്റെ ആകാശം അതിവേഗത്തിൽ വിശാലമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിവര സാങ്കേതിക വിദ്യയുടെ എല്ലാവിധ സാധ്യതകളെയും പ്രയോജനപ്പെടുത്താൻ പരിപക്വമായിരിക്കുകയാണ് നമ്മുടെ വിദ്യാലയങ്ങൾ . കുട്ടികളിലേക്ക് ഐ.ടി രംഗത്തെ നൂതനമായ അറിവുകൾ പകർന്നു കൊടുക്കാൻ ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ കൂട്ടായ്മയും ചേരുമ്പോൾ വിദ്യാലയങ്ങൾ സാങ്കേതികതയുടെ പൂങ്കാവനമായി മാറുന്ന കാഴ്ച എത്ര മനോഹരമാണ് . കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകളെ തൊട്ടുണർത്തുക എന്ന ലക്ഷ്യത്തോടെ ലിറ്റിൽ കൈറ്റ്സിന്റെ ഈ വർഷത്തെ ഡിജിറ്റൽ മാഗസിൻ തയാറായിരിയുകയാണ്. പ്രിയ കൂട്ടുകാരുടെ വിവിധ കലാസൃഷ്ടികൾ ഒത്തിണങ്ങിയ ഈ മാഗസിൻ സർഗ്ഗപരമായും സാങ്കേതികമായും സമൂഹത്തിന് ഒരു മുതൽക്കൂട്ടായി മാറും എന്നതിൽ സംശയമേതുമില്ല. അറിവിന്റെ മഹാകാശത്തേക്ക് വർണ്ണ ചിറകുകൾ വിരിച്ച് പറന്നുയരാൻ കൂട്ടുകാർക്കേവർക്കും സാധിക്കട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു

# എഡിറ്റോറിയൽ ബോർഡ്


## ചീഫ് എഡിറ്റർ

സി. മേഴ്സി മൈക്കിൾ

## സ്റ്റാഫ് എഡിറ്റർമാർ

ശ്രീ. ലിബിൻ സി. കെ.
ശ്രീമതി. ജീനാ സി. കണ്ടത്തിൽ

## സ്റ്റുഡന്റ് എഡിറ്റർ

മീനാക്ഷി പി.

## അംഗങ്ങൾ

സന്തൃഷ സന്തോഷ്
പവിത്ര അജയ്
ശരണ്യ കെ. ബിജു
കൃഷ്ണ രാജേഷ്
അപർണ്ണ കെ.യു.

# ഉള്ളടക്കം

Page No

സ്നേഹം.........അക്ഷയ രാജീവ്...............................10
പഴശ്ശിരാജ..........അമൃത അനീഷ്.........................11
കെടാത്ത തിരിനാളം.......അലീന ഷിനു.................12
പൂവ് ................ആഞ്ജലീന ജോബി.....................13
കുട്ടികളുടെ സിനിമകൾ..... മാളവിക സജി..........14
ജീവിതമാകണംലഹരി... നികിത ജയ്സൺ.........16
വരകൾ വർണ്ണങ്ങൾ :
ആൻഡ്രിയ മരിയ സിജി &
എയ്ഞ്ചൽ മരിയ റെന്നി........................................18
സ്വദേശജനനി.........ഐനി അന്ന സിബി..............19
For Being There with me.. എയ്മി മരിയ ജോബി....20
അയാൾ ...ആൻസി ബെൻ ..................................21
ചാർലിയുടെ കുട്ടിക്കാലം....അപർണ കെ യു.....22
കുട്ടികൾ......... മിഥുന മഹേഷ് ......................... 24
ഞാനും എന്റെ അമ്മയും..... കൃഷ്ണ രാജേഷ് ...... 25
കഥകളി ആസ്വാദനം..... പവിത്ര അജയ് ........... 26
യുദ്ധക്കെടുതികൾ... റോസ് മേരി മനോജ് ....... 27
തണൽ ........സനുഷ സന്തോഷ് ....................... 28
Echoes of eternity : Rain's melodic tale:
ഏയ്മി മരിയ ജോബി ........................................29
നോവ്........... കൃഷ്ണ രാജേഷ്.......................... .30
പെയ്ത്ത് .................മീനാക്ഷി............................... 31

# എസ്സ് എച്ച് ഗേൾസ് എച്ച് എസ്സ്
# രാമപുരം




## ചരിത്രം

തേവർപറമ്പിൽ കുഞ്ഞച്ചന്റേയും പാറേമാക്കൽ ഗോവർണ്ണദോറിൻറേയും രാമപുരത്തു വാര്യരുടേയും ലളിതാംബിക അന്തർജനത്തിന്റെയും പുണ്യസ്പർശമേറ്റ രാമപുരത്തെ പ്രശസ്തമായ സരസ്വതീക്ഷേത്രമാണ് ഈശോയുടെ തിരുഹൃദയത്തിന് പ്രത്യേകം പ്രതിഷ്ഠിതമായ സേക്രട്ട് ഹാർട്ട് ഗേൾസ് ഹൈസ്കൂൾ.

രാമപുരത്തും പരിസരപ്രദേശങ്ങളിലുമുള്ള പെൺകുട്ടികളുടെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി 1922 -ൽ എസ്. എച്ച് , എൽ. പി. സ്കൂൾ പ്രവർത്തനം തുടങ്ങി. 1924 - ൽ ഇതൊരു മലയാളംമിഡിൽ സ്കൂൾ ആയി. 1949 - ൽ ഇത് ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. ഹൈസ്കൂ ളിന്റെ പ്രഥമ ഹെഡ്മിസ്ട്രസ് സിസ്റ്റർ മരിയ ഗൊരേത്തി സി.എം.സി. ആയിരുന്നു. സ്കൂളിനെ അതിന്റെ ബാലാരിഷ്ടതകളിൽ നിന്നെല്ലാം സംരക്ഷിക്കുവാനും പുരോഗമനാത്മകമായ പലപദ്ധതികളും സ്കൂളിൽ ഏർപ്പെടുത്തുവാനും സിസ്റ്റർ മരിയ ഗൊരേത്തിക്കു സാധിച്ചു. 1972-ൽ ഹൈസ്കൂളിൻ്റെ രജത ജൂബിലി ആഘോഷിച്ചു.1972-ലെ അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡിന് തെരഞ്ഞെടുക്കപ്പെട്ട സി. മരിയ ഗൊരേത്തി 1978-ൽ റിട്ടയർ ചെയ്യുകയും തൽസ്ഥാനത്ത് സി. റോസറിറ്റ നിയമിതയാകുകയും ചെയ്തു. 1990-വരെ സ്കൂളിനെ നയിച്ചത് സി. റോസറിറ്റയാണ്. വിദ്യാഭ്യാസം, കല, സ്പോർട്സ്, ഈ രംഗങ്ങളിലെല്ലാം മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. 1988-ലെ നാഷണൽ അവാർഡ് ജേതാവാകുവാൻ സി.റോസറിറ്റായ്ക്കു സാധിച്ചു.

1990 മുതൽ 2002 വരെ സി.ജോലന്റാ C.M.C.ആയിരുന്നു ഈ സ്കൂളിന്റെ സാരഥി. 1999-ൽ സ്കൂളിന്റെ കനകജൂബിലി ആഘോഷിച്ചു. 2002-ലെ നാഷണൽ അവാർഡിന് സി.ജോലന്റാ അർഹയായി. N.C.C., ഗൈഡിംഗ് ഇവ നല്ല നിലയിൽ ഇവിടെ പ്രവർത്തിച്ചുവരുന്നു. കായികരംഗത്ത് ഈ സ്കൂളിനുണ്ടായ നേട്ടങ്ങൾ നിരവധിയാണ്. ഇവിടെ കായികാദ്ധ്യാപിക ആയിരുന്ന സി. ജസ്റ്റിൻ C.M.C 1981-ലെ സംസ്ഥാന അവാർഡിന് അർഹയായി.

2002 മുതൽ 2006 വരെ ഈ സ്കൂളിനെ നയിച്ചത്. സി.എൽസി ജോസ് C.M.C. ആണ്. 2006 ൽ സി. എൽസി ജോസ് റിട്ടയർ ചെയ്ത ഒഴിവിൽ സി.റിയാ തെരേസ് CMC. നിയമിതയായി. 2007 ഏപ്രിൽ 1 ന് സിസ്റ്റർ മുട്ടുചിറ സ്കൂളിലേക്ക് സ്ഥലം മാറി തൽസ്ഥാനത്ത് സി.ലില്ലി നിയമിതയായി. 2010 ഏപ്രിൽ 1 ന് സിസ്റ്റർ മുട്ടുചിറ സ്കൂളിലേക്ക് സ്ഥലം മാറുകയും തൽസ്ഥാനത്ത് സി. റിയാ തെരേസ് നിയമിതയാകുകയും ചെയ്തു. സി. റിയാ തെരേസ് റിട്ടയർ ചെയ്ത ഒഴിവിൽ സി. മരിയ റോസ് 2018 ഏപ്രിൽ 1 ന് നിയമിതയായി. ഇപ്പോൾ 15 ഡിവിഷനുകളിലായി 495 വിദ്യാർത്ഥിനികൾ ഇവിടെ അദ്ധ്യയനം നടത്തുന്നു. ഈ വിദ്യാലയത്തെയും ഇവിടെയുള്ള ഓരോ വ്യക്തിയേയും സ്നേഹവാത്സല്യങ്ങൾ നിർലോഭം നൽകി വളർത്തുന്ന വെരി .റവ .ഫാദർ ബർക്ക്മാൻസ് കുന്നുംപുറം അച്ചനാണ് സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ. സ്കൂളിന്റെ വിവിധ ആവശ്യങ്ങളിൽ സഹായഹസ്തവുമായി ഓടിയെത്തുന്ന ശക്തമായ ഒരു P.T.A.ആണ് ഇവിടെയുള്ളത്. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പഞ്ചായത്തിന്റെ പിന്തുണ നിർലോഭം ലഭിക്കുന്നുണ്ട്.

# സ്നേഹം

നാളെ നാളെ
നല്ലനാളെ വന്നിടും.
ഒരുമയുടെ
നല്ലവെട്ടമേറിടും
നാട്ടുതോറും
സ്നേഹമെന്നു കേട്ടിടും.
മനുഷ്യനും മരങ്ങളും
മൃഗങ്ങളും
ഒരുത്തരായി പടർന്നു
പാഞ്ഞിടും.
പരിസ്ഥിതി നമുക്കു
നല്ലപള്ളിയായിടും.
ഈശനോ പള്ളിക്കൂട-
പ്പടിയിലെ
ഒരുമായാണു നന്മയെന്നു
നമ്മൊടോതിടും

അക്ഷയ രാജീവ് 9B

## പഴശ്ശിരാജ

മലബാറിലെ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ 1793-97 കാലത്താണ് കോട്ടയം രാജകുടുംബത്തിലെ കേരളവർമ പഴശ്ശിരാജ പ്രക്ഷോഭം നയിച്ചത്. ബ്രിട്ടന്റെ നികുതി നയത്തിനെതിരെയാണ് പഴശ്ശിരാജ കലാപം തുടങ്ങിയത്.1795 ജൂൺ 28ന് പഴശ്ശി ബ്രിട്ടീഷുകാർ ചുമത്തിയ നികുതിപിരിവുകളും നിർത്തിവച്ചു. ബ്രിട്ടീഷ് പട്ടാളം കൊട്ടാരം വളഞ്ഞ് പഴശ്ശിയെ തിരഞ്ഞെങ്കലും പഴശ്ശി വയനാടൻ കാടുകളിലേക്ക് കടന്നു .വയനാടൻ മലകളിൽ താമസിച്ച് പഴശ്ശി ഒളിപ്പോരു തുടങ്ങി.കുറിച്യരും നാട്ടുകാരും പഴശ്ശിക്കൂകീരിൽ അണിനിരന്നു.1797ൽ നടന്ന രൂക്ഷയുദ്ധത്തിൽ 1100 പേരുള്ള ബ്രിട്ടീഷ് സൈന്യത്തെ പഴശ്ശി നാമാവശേഷമാക്കി.ഒന്നാം പഴശ്ശി വിപ്ലവമെന്നാണിത് അറിയപ്പെട്ടിരുന്നത്.

പുറത്തുനിന്നും സഹായം കിട്ടാതെ വന്നത് പഴശ്ശിരാജാവിന്റെ ശക്തി ക്ഷയിപ്പിച്ചു. വയനാട്ടിലെകുറിച്യർ പഴശ്ശിരാജാവിനെ പൂർണമായി സഹായം ചെയ്തെങ്കിലും 1805ൽവെല്ലസ്ലി പ്രഭുവിന്റെ നിർദ്ദേ ശപ്രകാരം തോമസ് ഹാർവേ ബാബർ എന്ന ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽപഴശ്ശിയെ വളഞ്ഞു പിടിക്കപ്പെടുമെന്ന ഘട്ടത്തിൽ നവംബർ 30 ന് പഴശ്ശി ആത്മഹത്യ ചെയ്തു .അതല്ല അദ്ദേഹം കൊല്ലപ്പെട്ടതാണെന്ന അഭിപ്രായവുമുണ്ട്.

അമൃത അനീഷ്

9B

## കെടാത്ത തിരിനാളം

സ്നേഹത്തിയായ്
ചെറുവട്ടത്തി-
ലൊതുങ്ങിയ കാരുണ്യം
അലിവിൻ കടലതി-
ലുള്ളിലൊതുക്കിയ
സ്നേഹപാരമ്യം
വാക്കിൻ മധുരം നോക്കിൻ മധുരം
സ്പർശനമതി മധുരം
അരികത്തണയും അതരുമയിൽ പുണരും
ശ്രേഷ്ഠ സാമീപ്യം
ശുഭ്ര സുരഭില ദീപ്തിപരത്തും

പീഠം ചാരാതെ
മർത്യനുള്ളം തേടിയിറങ്ങി
ഭിക്ഷാംദേഹിപോൽ
നെറുകിൽ തലോടും
കരുണത്താള
മതാവില്ലവതാളം
മനസ്സിനിടവും പതിച്ചുനൽകിയ
വാത്സല്യാരാമം
ഉഷസ്സുപോൽ പ്രകാശം വീശും
അരുണപ്രഭയേക്കാൾ
എരിഞ്ഞു ചുറ്റും
പ്രകാശമേകും
കെടാത്ത തിരിനാളം

**അലീന ഷിനു 9A**

# പൂവ്

പൂവേ പൂവേ കൊഴിയല്ലേ
പൂന്തെന്നലു വന്നു വിളിച്ചാൽ
പോവല്ലേ
പുലരി പുതു മഴയിൽ ഇതളു
പൊഴിയല്ലേ
പുതു മണ്ണിനു ചൂടാനൊരു പൂവിതളും
നൽകല്ലേ

ഈറൻ മുടയിൽ ചൂടാനൊരു
പൂവിതളും നൽകല്ലേ
പൂവണ്ടിൻ പ്രണയം പൊന്നാണേ
നിന്നോടുള്ള പൂവണ്ടിൻ പ്രണയം
പൊന്നാണേ

അത് പൂന്തേനുണ്ണാനണയുവതാണേ
നിന്നെ കാണാനെന്നും
കൊതിയാണേ
എനിക്കു നിന്നെ കാണാനെന്നും
കൊതിയാണേ

-ആഞ്ജലീന ജോബി
9A

## കുട്ടികളുടെ സിനിമകൾ

നിശബ്ദ ബ്ലാക്ക് ആൻഡ് വൈറ്റ് സിനിമകളുടെ കാലം മുതലെ കുട്ടികൾക്ക ്പ്രാധാന്യമുള്ള സിനിമകൾ ലോകസിനിമയിൽ ഉണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് ഇറാനിയൻ സിനിമയാണെന്ന കാര്യത്തിൽ തർക്കമില്ല. കുട്ടികളെ രസിപ്പിക്കുന്ന ചിത്രങ്ങൾക്ക് പകരം സാമൂഹിക പ്രശ്നങ്ങൾ കുട്ടികളിലൂടെ അവതരിപ്പിക്കുന്ന രീതിയാണ് ഇറാനിലെ പല സംവിധായകരും സ്വീകരിക്കാറുള്ളത്. മികച്ച വിദേശഭാഷാ ചിത്രത്തിനുള്ള ഓസ്കാർ പുരസ്കാരത്തിന് നോമിനേഷൻ ലഭിച്ച 'ചിൽഡ്രൺ ഓഫ് ഹെവൻ , 'ഹയാത് ', 'ദി വൈറ്റ് ബലൂൺ' , തുടങ്ങി ഒട്ടനവധി വിജയ ചിത്രങ്ങൾ ഇറാനിയൻ ചലചിത്ര മേഖല കുട്ടികൾക്ക് സമർപ്പിച്ചിട്ടുണ്ട്.

കുട്ടികളെ രസിപ്പിക്കുന്ന ഫാന്റസി സിനിമകൾ ധാരാളം ഉണ്ടാകാറുള്ളത് ഹോളിവുഡിലാണ്. 'ആലീസ് ഇൻ വണ്ടർ ലാന്റ്', 'ഹ്യൂഗോ', 'ഇ.ടി.ദി എകസ്ട്രാ ടെറസ്ട്രിയൽ', 'ഹാരിപോട്ടർ സീരീസ് ഫിലിംസ്', തുടങ്ങിയ ചലച്ചിത്രങ്ങൾ ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്. 'ഹേർട്ടിപോസ്', 'ഹോപ്പ്', 'മിറാക്കിൾ ഇൻ സെൽ നമ്പർ സെവൻ', തുടങ്ങിയ കൊറിയൻ സിനിമകൾ ഒട്ടനവധി വികാരങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഇന്ത്യയും മികച്ച കുട്ടിസിനിമകൾക്ക് പ്രശസ്തമാണ്.

ഇന്ത്യൻ സിനിമയുടെ പ്രശസ്തി ലോകം മുഴുവനമെത്തിച്ച ചിത്രമാണ് 'പഥേർ പാഞ്ചാലി'. ഈ സിനിമ രാജ്യാന്തര ചലച്ചിത്ര മേളകളിൽ അനവധി അംഗീകാരങ്ങൾ നേടി. 2007-ൽ അമീർ ഖാൻ സംവിധാനം ചെയ്ത 'താരെ സമീൻ പർ' മികച്ച കുടുംബ ക്ഷേമ ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടി. രാജ്യാന്തര തലത്തിൽ പ്രശസ്തി നേടിയ 'മൈ ഡിയർ കുട്ടിച്ചാത്തൻ', 'കുമ്മാട്ടി', 'മനവങ്കിൾ' തുടങ്ങിയവ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്.

കുട്ടികൾക്ക് വേണ്ടിയുള്ള സിനിമകളെ പ്രോത്സാഹിപ്പിക്കാനായി 1995-ൽ ആരംഭിച്ച സ്ഥാപനമാണ് ചിൽഡ്രൺസ് ഫിലിംസൊസൈറ്റി ഓഫ് ഇന്ത്യ. ഇന്ത്യയിലെ പ്രശസ്തരായ ധാരാളം സംവിധായകർ സി.എഫ്.എസ്.ഐ-ക്കു വേണ്ടി സിനിമകൾ സംവിധാനം ചെയ്തിട്ടുണ്ട്.

- മാളവിക സജി 9 A

# ജീവിതമാകണം ലഹരി

ആരോഗ്യം വിദ്യാഭ്യാസം സാമൂഹികക്ഷേമം തുടങ്ങിയ വിവിധ മേഖലകളിൽ നാം കൈവരിച്ച നേട്ടങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാണ് .ചില നേട്ടങ്ങളിൽ ലോകത്തിലെ വികസിത രാജ്യങ്ങൾക്ക് തുല്യമായ അഭിമാനാർഹമായ സ്ഥാനവും നമ്മുടെ കൊച്ചു കേരളത്തിനുണ്ട് .പക്ഷേ നമ്മുട യുവജനങ്ങൾക്കിടയിലും കൗമാരപ്രായക്കാർക്കിടയിലും വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം കേരളം നേടിയെടുത്തിട്ടുള്ള വികസനത്തിനും പുരോഗതിക്കും സാംസ്കാരിക മൂല്യങ്ങൾക്കും കടുത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്

മനുഷ്യനെ ശാരീരികമായും മാനസികമായും തകർക്കുന്ന സാമൂഹിക വിപത്താണ് ലഹരി. ആരോഗ്യപ്രശ്നങ്ങൾ, കുടുംബ ബന്ധങ്ങളുടെ തകർച്ച, കുറ്റകൃത്യം ,ആത്മഹത്യ തുടങ്ങി മദ്യവും മയക്കുമരുന്നും സൃഷ്ടിക്കുന്ന പ്രത്യാഘാതം നിരവധിയാണ്. ലഹരിവസ്തുക്കളുടെ ഉപയോഗം ഒരു ദിവസം കൊണ്ട് ഉണ്ടാകുന്നതല്ല .എന്താണെന്ന് അറിയാനുള്ള ആകാംഷ , കിട്ടുമെന്ന് കേട്ടിട്ടുള്ള ഉന്മാദാവസ്ഥ, സമപ്രായക്കാരുടെ പ്രേരണ, ബോറടി മാറ്റാൻ ,വിഷാദം മാറ്റാൻ ,ക്ഷീണം മാറ്റാൻ വീട്ടിലെ പ്രശ്നങ്ങൾ, അധികമായി ലഭിക്കുന്ന പോക്കറ്റ് മണി എന്ത് ചെയ്യണമെന്ന് അറിയാത്തവർ എന്നിങ്ങനെ ലഹരി വസ്തുക്കളിലേക്ക് മാറാൻ കാരണങ്ങൾ നിരവധിയാണ്. മൊബൈൽ ഫോണും ഇന്റർനെറ്റും ജീവിതം നിയന്ത്രിക്കുന്ന ഈ കാലഘട്ടത്തിൽ സോഷ്യൽ മീഡിയയും ഇതിന് കാരണമാകുന്നുണ്ട് .ലഹരിയുടെ വല അനുദിനം വിസ്തൃതമായി നമ്മുടെ നാടിനെ വരിഞ്ഞുമുറുക്കി കൊണ്ടിരിക്കുന്നു. ഈ കാലഘട്ടത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ അതിശക്തമായ പ്രചാരണ ബോധവൽക്കരണ പ്രവർത്തനത്തിലൂടെ സമൂഹത്തെ ബോധ്യപ്പെടുത്തണം. അതോടൊപ്പം ലഹരി ഉപയോഗം തടയുന്നതിനുള്ള സർക്കാർ പദ്ധതികളും നിലവിലുള്ള നിയമങ്ങളും ഫലപ്രദമായി നടപ്പിലാക്കുകയും വേണം. അതിന് എല്ലാവരും ലഹരി ഉപയോഗിക്കില്ല എന്ന് ഉറച്ച തീരുമാനം കൂടി എടുക്കണം.

തുടക്കത്തിൽ രസത്തിനു വേണ്ടിയുള്ള മയക്കുമരുന്ന് ഉപയോഗം അമിതമായ ഉപയോഗമോ ആസക്തിയുമായി മാറുകയും അപകടങ്ങൾ ,നിയമപരമായ പ്രശ്നങ്ങൾ ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ഉണ്ടാക്കുകയും ചെയ്യും എന്ന് പറഞ്ഞു മനസ്സിലാക്കുക ആരോഗ്യത്തെയും രൂപത്തെയും കായിക ശേഷിയെയും മയക്കുമരുന്ന്ഉപയോഗം എങ്ങനെ സന്തോഷകരമായി ബാധിക്കുമെന്ന് ഊന്നി പറയുക നമ്മുടെ ജീവിതമാകണം ലഹരി എന്ന ലക്ഷ്യത്തോടെ നാം ജീവിക്കണം ചിട്ടയോടെയുള്ള ജീവിതവും ഉറച്ചലക്ഷ്യബോധവും ക്രമബദ്ധമായ പഠന ശൈലിയും സ്വന്തമാക്കുന്നവർക്ക് ഒരിക്കലും ലഹരിക്കടിമ ആകാൻ കഴിയില്ല .ശരിയായ ഈശ്വര വിശ്വാസവും മാതാപിതാക്കളോട് കറകളഞ്ഞ സ്നേഹവും തികഞ്ഞ ഗുരുഭക്തിയും ഉള്ളവർക്ക് ഒരിക്കലും ചീത്ത മൂല്യങ്ങളിൽ സ്വയം മറന്നു ഉറങ്ങാൻ ആവില്ല .നല്ല ശീലങ്ങളുടെ സുതാര്യ വ്യക്തിത്വമായി ജീവിതവിജയം നേടാൻ ലഹരി വിമുക്തമായ ഒരു വീട് ,ലഹരി വിമുക്തമായ ഒരു വിദ്യാലയം ,ലഹരി വിമുക്തമായ ഒരു സമൂഹം ഇതായിരിക്കട്ടെ നമ്മുടെ സ്വപ്നം അതെ നമ്മുടെ ജീവിതം അതായിരിക്കും നമ്മുടെ ലഹരി.

- നികിത ജയ്സൺ 9B



## വരകൾ വർണ്ണങ്ങൾ...

ANDRIA MARIA SIJI 8B



ANGEL MARIA RENNY 8B

# സ്വദേശ ജനനി

കല്പവൃക്ഷത്തിൻ തണലിൽ കഴിഞ്ഞൊരു
കേരള നാടിൻ്റെ ചാരുതയിൽ
മോഹങ്ങളായിരം മണ്ണിൻ്റെ ഗന്ധത്തിൻ
മന്ദാരത്തേരിൽ ഇറങ്ങി വന്നോ

മനസ്സിൻ്റെ മായാമറയത്ത് പോലും
മന്ദമായി തഴുകുന്ന മാരുതനും
ചിലങ്കതൻ ശബ്ദത്തിൽ കൊഞ്ചിയൊഴുകുന്ന
ചോലതൻ അരുവിയുമതിൻ കുഞ്ഞോളവും

സ്വദേശജനനി തൻ സൗന്ദര്യത്തേക്കാളുമീ
സന്തോഷമെന്നും നിർജ്ജീവയന്ത്രങ്ങളിൽ
എന്നാലൊരിക്കൽ ബോധ്യമുണ്ടാവുമെന്നത്
എൻ തായ കേരളമെന്ന സത്യം

- ഐന്നി അന്ന സിബി 8B

# For Being There With Me..

Since the moment I met you Everything changed, Life went beyond the limited range, Now when I see blue skies, rainbows and stars I took past the destruction Of lives and scars.

When I feel confused You are my side, When I'm scared You feel my fear, You are my best support.

If I need you, you're always here There with your amazing charms. To comfort me & block the harms. To keep my secrets hidden away And when I feel you brighten my day.

Thank you, let no obstacles keep me down, And for creating a smiling of my frown, For hugging me tight, when I feel blue, For whispering into my ears "I love you".

Thanks for whipping my tears, When I got sad And for calming me down. When I tend to get mad For teaching me.

When I happen to fall, I shouldn't lie there and cry. But should get up Without a thought, And hold my head up high.

- Aimee Maria Joby 8B

# അയാൾ

ഇന്ദു ഉറക്കം എഴുന്നേറ്റ
അമ്മ : ആ ഇപ്പോഴാണോ എഴുന്നേൽക്കുന്നെ
ഇന്ദു : ആഹാ നല്ല മഴയാണല്ലോ
അമ്മ : അത് വെളുപ്പിനെ തൊട്ട് തുടങ്ങിയതാണ് .നീ വർത്തമാനം പറഞ്ഞുകൊണ്ട് നിൽക്കാതെ പോയി കുളിച്ചേ

അവൾ കുളിച്ച് ഭക്ഷണം കഴിക്കാൻ തീൻമേശയിൽ വന്നിരുന്നു.
പുറത്ത് മഴ തകർത്ത് പെയ്തുകൊണ്ടിരുന്ന പതിവില്ലാതെ ആ വീട്ടിൽ ഒരാൾ വന്നു. വീട്ടിൽ കറണ്ടില്ലായിരുന്നതുകൊണ്ട് കോളിംഗ് ബെൽ അടിച്ചത് ആരും കേട്ടില്ല.
ഇന്ദു ജനലിന്റെ വിടവിലൂടെ അയാളെ കണ്ടു. അവൾ അമ്മയെ വിളിച്ചു.
"അമ്മേ ദേ ഒരാൾ വന്നിരിക്കുന്നു"
ആര് ?
അമ്മ അവിടെ ചെന്ന് നോക്കി. മഴയിൽ നനഞ്ഞ് മങ്ങികീറിയ വസ്ത്രവുമിട്ട് ഒരാൾ.
അയാൾ ചോദിച്ചു
" പുറത്തു നല്ല മഴയാണ് ഞാൻ മഴ മാറുന്നത് വരെ ഇവിടെ ഇരുന്നോട്ടെ "
ആദ്യം അമ്മ നിരസിച്ചെങ്കിലും ഇന്ദുവിന്റ നിർബന്ധം കാരണം അമ്മ സമ്മതിച്ചു. അവൾ അയാൾക്ക് മാറാൻ വസ്ത്രവും കഴിക്കാൻ ഭക്ഷണവും കൊടുത്തു.
ഇന്ദു അയാളുടെ പേര് ചോദിച്ചു
അയാൾ പറഞ്ഞു "ഒരു പേരിലൊക്കെ എന്തിരിക്കുന്നു മനുഷ്യൻെറ സ്വഭാവത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടത് "

ഇന്ദു :ചേട്ടന് എന്താ ജോലി?
അയാൾ :എനിക്ക് ജോലിയൊന്നുമില്ല എൻ്റെ പ്രധാന പണി ദേശാടനമാണ്.
ഇന്ദു :ദേശാടനമോ ! അതെന്താ?
അയാൾ : ദേശാടനം എന്നുവച്ചാൽ പല ദേശം മാറിമാറി സഞ്ചരിക്കൽ, ദേശസഞ്ചാരം എന്നും പറയാം
ഇന്ദു : ജോലിയൊന്നും ഇല്ലെങ്കിൽ എങ്ങനെ ജീവിക്കും?
അയാൾ : ജീവിക്കാൻ ജോലി വേണമെന്നുണ്ടോ ? നമുക്ക് ജീവിക്കാൻ അല്ലേ ഈ ലോകം. ഈ ലോകം തന്നെ ഒരു വീടല്ലേ . ഇവിടെയുള്ള മനുഷ്യരും ജീവജാലങ്ങളും നമ്മുടെ കുടുംബങ്ങളല്ലേ.

അവർ അങ്ങനെ ഒരുപാട് സംസാരിച്ചു. പക്ഷികളെപ്പറ്റിയും പൂക്കളെപ്പറ്റിയും അയാൾ പറയുന്നത് കേട്ട് ഇന്ദു മതിമറന്നിരുന്നു .അങ്ങനെ കുറെ നേരങ്ങൾക്ക് ശേഷം മഴ മാറി. അയാൾ അവിടുന്ന് പോകാനായി വീടിനു പുറത്തേക്കിറങ്ങി .ഇന്ദുവിന് നല്ല വിഷമം ഉണ്ടായിരുന്നു.
അയാൾ : നന്ദിയുണ്ട്, രണ്ടുപേരോടും വളരെയധികം നന്ദിയുണ്ട് .ഞാൻ ഇറങ്ങട്ടെ ഇനി എപ്പോഴെങ്കിലും കാണാം.
അമ്മ :ആ..ചേട്ടാ ഒന്ന് നിൽക്കു, ഇനിയും മഴപെയ്താലോ? ഈ കുട കൂടെ കയ്യിൽ വച്ചോളൂ. മോളേ ഇന്ദൂ ,നീ അദ്ദേഹത്തിന് ഇതു കൊണ്ടുപോയി കൊടുക്കൂ.
അയാൾ : നന്ദി , മോൾക്കും മോളുടെ അമ്മയ്ക്കും നല്ലതേ വരൂ.
ഇത്രമാത്രം പറഞ്ഞ് ആ കുടയും പിടിച്ച് അയാൾ ദൂരങ്ങളിലേക്ക് നടന്നകന്നു.

**- ആൻസി ബെൻ 8 B**

## ചാർലിയുടെ കുട്ടിക്കാലം

ആയിടയ്ക്ക് വല്ലാത്തൊരു സംഭവം നടന്നു. തെരുവിൽ അങ്ങേയറ്റത്ത് ഒരു അറവുശാല നിലനിന്നിരുന്നു.കശാപ്പ ചെയ്യാനുള്ള ആടുകളെ ഞങ്ങളുടെ വീടിനു മുന്നിലൂടെ കൂട്ടത്തോടെകൊണ്ടുപോകും. ഒരിക്കൽ ഒരാട് ഈ കൂട്ടത്തിൽ നിന്ന് രക്ഷപ്പെട്ട് തെരുവിലൂടെ ഓടിപ്പോയി. ആളുകൾക്ക് നല്ല തമാശ തോന്നി.ചിലരതിനെ പിടിക്കാൻ നോക്കി. മറ്റ ചിലർ ഓട്ടത്തിനിടയിൽമറിഞ്ഞുവീണു. ആടിന്റെ ഓട്ടവും വെപ്രാളവും എല്ലാം കണ്ട് ഞാനാർത്തുചിരിച്ചു. ആകപ്പാടെ നല്ല രസം.

ഒടുവിൽ ആടിനെ പിടികൂടി കശാപ്പുശാലയിലേക്ക്കൊണ്ടുപ്പോയി. അപ്പോഴാണ് ആ രംഗത്തിലെ ദുരന്തം എനിക്ക്ബോധ്യപ്പെട്ടത്. എനിക്ക് സങ്കടം വന്നു. ഞാൻ വീട്ടിനുള്ളിലേക്കോടിപ്പോയി. "അവരതിനെ പിടിച്ചു. ഇപ്പൊ അവരതിനെ കൊല്ലും."പൊട്ടിക്കരഞ്ഞുകൊണ്ട് ഞാനമ്മയോട് പറഞ്ഞു ആടിനെ പിന്തുടർന്നോട്ടിക്കുന്ന ഈ ദുരന്തഹാസ്യരംഗം ദിവസങ്ങളോളം മനസ്സിൽ കൊണ്ടുനടന്ന് ഈ ബാലനാണ് പിന്നിട് വിശ്വപ്രസിദ്ധ ചലച്ചിത്രകാരനായി മാറിയ ചാപ്ലിൻ.ചാൾസ് ചാപ്ലിനന്റെയും ഹന്ന ഹില്ലിന്റെയും പുത്രനായി 1889-ൽ ലണ്ടനിൽജനിച്ച ആദ്ദേഹത്തിന്റെ മുഴുവൻ പേര് ചാൾസ്സ്പെൻസൻ ചാപ്ലിൻ എന്നാണ്.

പട്ടിണിയും കഷ്ട്പ്പാടുകളും നിറഞ്ഞതായിരുന്നു ചാപ്ലിന്റെ ബാല്യം. കുടുസുമുറികളിലും അനാഥമന്ദിരങ്ങളിലും കഴിച്ചുകൂട്ടിയ ദിനങ്ങൾ, അമ്മയുടെ മാനസികരോഗം,അച്ഛന്റെ അമിതമദ്യപാനവും മരണവും.

ഇതിനിടയിൽസന്ദേശവാഹകൻ,അച്ചടിതൊഴിലാളി,കളിപ്പാട്ടനിർമ്മാതാവ്, കണ്ണാടിവാർപ്പ് പണി-ക്കാരൻ, ഡോക്ടറുടെ വേലക്കാരൻ തുടങ്ങി ഒട്ടേറെ ജോലികൾ നിത്യവൃത്തിക്കായി ചെയ്തു . അപ്പോഴൊക്കെയും ഒരു അഭിനേതാവാ-വുക എന്ന അദമ്യമായ ആഗ്രഹം ചാപ്ലിന്റെ ഉള്ളിലുണ്ടായിരുന്നു . ചാപ്ലിന്റെ 'തെണ്ടി' വേഷം പ്രസിദ്ധമാണ് . മുറിമീശ, അലഞ്ഞ് ഊർന്ന് വീഴാൻ നിൽക്കുന്നപോലുള്ള കാലുറ, വലിയ ഷൂസ് , വട്ടതൊപ്പി , ചൂരൽവടി ചാപ്ലിനെ ഓർക്കുമ്പോൾതന്നെ ഈ വേഷമാണ് നമ്മുടെ മനസ്സിൽ ഓടിയെത്തുക . അമേരിക്കയിൽവെച്ചാണ് അദ്ദേഹം സിനിമയുമായിബന്ധപ്പെടുന്നത് . അദ്ദഹത്തിന്റെ ചലച്ചിത്രജീവിതം 1914 മുതൽ1975വരെയാണ്. എൺപതിലധികം ചിത്രങ്ങൾ ചാപ്ലിന്റേതായുണ്ട്.

യുദ്ധത്തിനും സ്വേച്ഛാധിപത്യത്തിനും എതിരെ സംസാരി- ക്കുകയും, ഹിറ്റ്ലറുടെ സിദ്ധാന്തത്തെ എതിർക്കുന്ന 'ടഗ്രേറ്റ് ഡിക്ടേറ്റർ ' എന്ന ചാപ്ലിൻ സിനിമ പുറത്തിറങ്ങുകയും ചെയ്തതോടെ മാധ്യമങ്ങൾ ചാപ്ലിനെ കമ്യൂണിസ്റ്റായി മുദ്രകുത്തി.എല്ലാ മേഖലകളിൽനിന്നും എതിർപ്പുകളുണ്ടായതിനെത്തുടർന്ന് ചാപ്ലന് അമേരിക്ക വിട്ടുപോകേണ്ടിവന്നു. ചാപ്ലിനും കുടുംബവും സ്വിറ്റ്സർല-ണ്ടിൽ സ്ഥിരതാമസമാക്കി. 1975-ൽ ബ്രിട്ടീഷ് രാജ്ഞി അദ്ദേഹത്തെ 'സർ' പദവി നൽകി ആദരിച്ചു . 1977 ഡിസംബറിലെക്രിസ്തുമസ്സ് നാളിൽ ആഅനശ്വരകലാകാരൻ ലോകലത്തോട് വിടപറഞ്ഞു.

- അപർണ കെ.യു.

# 'കുട്ടികൾ...'

കളികൾ പലതും
കൺടവരാണേ
കർക്കിടകത്തിൽ
കുളിച്ചവരണേ
കുട്ടികൾ ഞങ്ങൾ
കഥ കേൾക്കുന്നോ
കാർന്നോർ മാമാ
കുസൃതികളല്ലാ...!!

-മിഥുന മഹേഷ് 9B

## 'ഞാനും എന്റെ അമ്മയും..'

പട്ടിണികിടക്കാൻ മടിച്ച്
കുക്കിങ്ങിനൊരുങ്ങുന്ന
അമ്മയും,
കുക്കെയ്യാനുള്ള മടികൊണ്ട്
പട്ടിണികിടക്കാൻ ഞാനും
ഞങ്ങൾ
രാണ്ടാളുമൊരുമിച്ചാൽ
പിന്നെ യുദ്ധക്കളമാകുന്ന
അടുക്കളയുമൊക്കെയാണ്
എന്റെ വീട്ടിലെ
ഹൈലൈറ്റ്സ്....!!

-കൃഷ്ണ രാജേഷ് 9B

## കഥകളി ആസ്വാദനം

കഥയുടെ കളിയാണ് കഥകളി. കഥകൾ പുരാണങ്ങളിൽ നിന്നെടുത്തവയാണ്. അവയെ ആടാനുള്ള കഥകൾ എന്ന അർത്ഥത്തിൽ ആട്ടകഥകൾ എന്ന് പറയുന്നു. കഥകളിയിൽ കഥക്കല്ല, ആട്ടത്തിനാണ് പ്രാധാന്യം. ആട്ടം, അഭിനയം എന്നൊക്കെയാണ് കളി എന്ന പദത്തിനർത്ഥം. ചിട്ടപ്പെടുത്തിയ അഭിനയക്രമമാണ് കഥകളിക്കുള്ളത്. മഹാനടന്മാരായ ആചാര്യന്മാരാണ് അഭിനയം ചിട്ടപ്പെടുത്തിയത്. പ്രശസ്തരായ നടന്മാരുടെ കീഴിലുള്ള കളിയോഗങ്ങളിലാണ് കളരിപഠനം നടന്നിരുന്നത്.

1930-ൽ മഹാകവി വള്ളത്തോൾ നാരായണമേനോൻ കലാമണ്ഡലം സ്ഥാപിച്ചു. പല കളിയോഗങ്ങളിലായി നടന്നിരുന്ന കഥകളിപഠനത്തിന് ഉണർവും ഊർജവും നൽകാൻ കലാമണ്ഡലത്തിന് കഴിഞ്ഞു. കഥകളിക്ക് ആഗോളതലത്തിൽ അംഗീകാരം നേടുന്നതിനും അനേകായിരം ആസ്വാധകരെ സൃഷ്ടിക്കുന്നതിനും കലാമണ്ഡലത്തിന് കഴിഞ്ഞിട്ടുണ്ട്.

കഥകളിയിലെ വേഷങ്ങൾക്കെല്ലാം കൃത്യമായ വ്യവസ്ഥയുണ്ട്. കഥാപാത്രങ്ങളിലൂടെ ആവിഷ്കരിക്കുന്ന ഭാവത്തെ അടിസ്ഥാനപ്പെടുത്തിയാണ് അവയുടെ വിഭജനം. പച്ച,കത്തി, കരി,താടി, മിനുക്ക് എന്ന് അഞ്ചായി വേഷങ്ങൾ വിഭജിച്ചിരിക്കുന്നു. കഥകളിയിലെ വാദ്യങ്ങൾ മദ്ദളം, ചെണ്ട, ചേങ്ങില, ഇലത്താളം, ശംഖ്, ഇടയ്ക്ക എന്നിവയാണ്. കഥകളിയുടെ സാഹിത്യരൂപമായ ആട്ടകഥ ദൃശ്യകലയ്ക്കുവേണ്ടി രചിക്കപ്പെട്ട സാഹിത്യകൃതിയാണ്. സീതാസ്വയംവരം, കിർമ്മീരവധം, ഉത്തരാസ്വയംവരം, കർണശപഥം എന്നിവ പ്രധാന ആട്ടക്കഥയാണ

- പവിത്ര അജയ് 7A

.

# യുദ്ധക്കെടുതികൾ

കൊച്ചുകുഞ്ഞുങ്ങളുടെ
കണ്ണുകളിൽനിന്ന്
ഇറ്റുവിഴുന്നു കണ്ണുനീർ തുള്ളി
മനം നുറുങ്ങുന്നു കഷ്ണങ്ങളായി
ജിവിതത്തിൻ പടിവാതിൽ
കൊട്ടിയടച്ചതോ

യുദ്ധക്കെടുതികൾ യുദ്ധക്കെടുതികൾ
സമാധാനത്തിന്റെ മാടപ്രാവെവിടെ
സമാധാനത്തിന്റെ  കാറ്റിനെന്തെ
രക്തത്തിന്റെ  ഗന്ധം
തെളിനീർ അരുവിയിൽ ശവമഞ്ജങ്ങൾ
പൊങ്ങിടുന്നു
സമാധാനത്തിന്റെ വെള്ളക്കൊടി
എവിടെ പാറുന്നു
യുദ്ധക്കെടുതികളോ,
യുദ്ധക്കെടുതികളോ
ഇതു ജീവിതത്തിന്റെ അവസാനമോ
പരസ്പരം പോർ വെട്ടി
അങ്കകളങ്ങൾ ചോരക്കളങ്ങളാക്കി
മാറ്റുന്ന മനുജരോ
എവിടെയും വെടിയൊച്ചകൾ മാത്രം
സമാധാനത്തിന്റെ ശബ്ദത്തിനായി
കാതോർത്തു ഞാൻ
തോക്കും പരിചയും കൈയിൽ
കരുതിടും മനുജരേ
കേട്ടിടുവിൻ ഇത് സമാധാനത്തിൻ
നാടാണ്

- റോസ് മേരി മനോജ്  9A

# തണൽ

ആദ്യാക്ഷരം കുറിച്ചുതന്നെൻ
കുഞ്ഞിളം കൈകളാൽ
കൂടെ നടന്നും
കൂടെ കളിച്ചും
കാണാ ചൂരലാൽ ശാസിച്ചു
ഞങ്ങളെ
ഇന്നോളം ഊട്ടിയ
ഉരുളകളെല്ലാം
ദൂരെ ദ്വീപിലെ
രാവും പകലും

ഇന്നീ കൈകളിൽ
സ്നേഹത്തിൽ പൊതികളില്ല,
നീട്ടി വിളികളുമില്ല....
യാത്ര പറയാതെ
പടികടന്നകലുമ്പോൾ
നീ ഞങ്ങളെ തലോലിച്ചുറക്കിയ
ഉമ്മറതിണ്ണയും ഏകനായി.....

- സനുഷ സന്തോഷ് 9A

## "Echoes Of Eternity: Rain's Melodic Tale"

**In whispered tones, the rain descends,**
**A symphony of liquid grace,**
**Upon the earth, its touch transcends**
**Each drop a teardrop from the sky's embrace.**


**The rooftop sing with pitter-patter,**
**As raindrops dance in rhythmic glee,**
**In every puddle, dreams scatter**
**Reflecting skies of eternity.**

**The world transforms in misty veil,**
**Cloaked in natures soft embrace,**
**Each droplets tell its own tale,**
**Of love, of loss, of time and space.**

**In gardens, flowers lift their heads;**
**To drink the nectar of the skies,**
**And leaves, in verdant hues, outspread,**
**Beneath the downpour's gentle sighs.**

**So let the rain come, let it pour,**
**For in its essence, we find,**
**A beauty that forevermore,**
**Leaves an imprint on the mind**

**- Aimee Maria Joby 8B**



# നോവ്

നേരിൽ സുഗന്ധമെന്നാൽ;
നോവുന്ന സത്യമത്രേ
നോവേററ് പ്രാണൻ പിടയുമ്പോൾ-
ആ സത്യം മിഥ്യയായെങ്കിലെന്ന്
ആശിച്ചിടും.
എങ്കിലും മെന്നെന്നും അവ സത്യമായി
ഭവിച്ചിടും.

- കൃഷ്ണ രാജേഷ്

## പെയ്ത്ത്

മനം പോലെ മാനവും
ഇരുളുന്നു വീണ്ടും....
പെയ്തൊഴിയൊഴിയുന്നില്ല.
ഒരു തുള്ളിപ്പോലും...!!!
ഘനമേറെയാണുതാനും....
ആർത്തലച്ചു പെയ്യണം
ലഘുവായ് വീണ്ടും_
വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിതുപോൽ
തുടരുവാൻ.

- മീനാക്ഷി

# നന്ദി....

ഈ ഡിജിറ്റൽ "വിസ്മയത്തിന്റെ" സമയബന്ധിതമായ പൂർത്തീകരണത്തിന് പിന്നിൽപ്രവർത്തിച്ചവർ ഏറെയുണ്ട്. സാഹിത്യ രചനകളുടെ അഗാധ നീലിമയിൽ നിന്നും മുത്തുകൾ സമ്മാനിച്ചവർ... വഴികാട്ടിയവർ... കൈപിടിച്ച് നടത്തിയവർ.. തിരുത്തലുകൾ തന്നവർ... എല്ലാവർക്കും ആത്മാവിന്റെ വിലോലതന്ത്രികളിൽ നന്ദിയുടെ സ്വരനിറവുകളോടെ...

" വിസ്മയക്കൂട്ടുകാർ"
ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്

എസ് എച്ച് ഗേൾസ് ഹൈസ്ക്കൂൾ, രാമപുരം